**നം.എസ്4/78013/2013**
**പോലീസ് ആസ്ഥാനം, കേരളം,**
**തിരുവനന്തപുരം.**
**തീയതി.25/11/2013.**

## സർക്കുലർ നമ്പർ .29/2013

വിഷയം :- പോലീസ് വകുപ്പ് — സിവിൽ പോലീസ് ഓഫീസർമാരെ കേസ് അന്വേഷണ ചുമതല എല്പ്പിക്കുന്നതുമായി ബന്ധപ്പെട്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജർ - സംബന്ധിച്ച്.

സൂചന :- 1. സർക്കാർ ഉത്തരവ് (സാധാരണം) നം.196/2013/ആഭ്യന്തരം തീ.03/08/2013.
2. 21/08/2013 ലെ S4/90517/2012 നമ്പർ നടപടിക്രമം.

വകുപ്പ്തല പരീക്ഷകൾ വിജയിച്ച സിവിൽ പോലീസ് ഓഫീസർമാരെ കുറ്റാന്വേഷണ ചുമതല ഏൽപ്പിച്ചു കൊണ്ട് സൂചന 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.ആയതിനാൽ സ്റ്റേഷൻ എസ്.എച്ച്.ഒ മാർക്ക് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കുറ്റാന്വേഷണ ചുമതലകൾ ടെസ്റ്റ് യോഗ്യത നേടിയ സിവിൽ പോലീസ് ഓഫീസർമാരെ എൽപ്പിക്കാവുന്നതാണ്.

1. വകുപ്പ്തല പരീക്ഷകൾ വിജയിച്ച സിവിൽ പോലീസ് ഓഫീസർമാർക്ക് എം.വി ആക്റ്റിലെ 184,185 എന്നീ വകുപ്പുകൾ പ്രകാരമുള്ള കേസുകളും ഐ പി സി 279 & 337, 447,427 വകുപ്പുകൾ പ്രകാരമുള്ള കേസുകളും രാഷ്ട്രീയമോ, വർഗ്ഗീയമോ ആയ സംഘർഷങ്ങളിൽ പെടാത്ത നിസാര പരിക്ക് സംബന്ധമായ കേസുകളും അന്വേഷിക്കാവുന്നതാണ്.

2. സ്റ്റേഷൻ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ ഏൽപ്പിക്കുന്ന കേസുകളിൽ മാത്രമെ സിവിൽ പോലീസ് ഓഫീസർമാർ അന്വേഷണം നടത്തുവാൻ പാടുള്ളൂ.

3. സിവിൽ പോലീസ് ഒഫീസ്സർക്ക് സി.ആർ പി.സി 160, 161 വകുപ്പുകൾ പ്രകാരം സാക്ഷികളെ വിളിച്ചു വരുത്തുകയോ മൊഴി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

4. സി.ആർ . പി.സി 41 വകുപ്പു പ്രകാരം സിവിൽ പോലീസ് ഓഫീസർക്ക് ഒരു വ്യക്തിയെ അറസ്റ്റു ചെയ്യാവുന്നതാണ്.

5. സി.ആർ . പി.സി 102 വകുപ്പു പ്രകാരം സിവിൽ പോലീസ് ഓഫീസർക്ക് സ്ഥല പരിശോധന നടത്തുകയോ വസ്തു വകകൾ പിടിച്ചെടുക്കുകയോ ചെയ്യാവുന്നതാണ്.

6. കേസുകളുടെ മുഴുവൻ അന്വേഷണപ്രക്രിയകളിലും സ്റ്റേഷൻ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ വ്യക്തിഗത മേൽനോട്ടം വഹിക്കേണ്ടതാണ്.

7. സിവിൽ പോലീസ് ഓഫീസർമാർ സി.ആർ . പി.സി 167 വകുപ്പ പ്രകാരം മജിസ്ട്രേറ്റ് മുൻപാകെ റിമാൻറ് റിപ്പോർട്ട് നൽകുവാൻ പാട്ടുള്ളതല്ല.

8. സിവിൽ പോലീസ് ഓഫീസർമാർ പോലീസ് സ്റ്റേ ഷൻ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻറെ അധികാരങ്ങൾ വിനിയോഗിക്കാൻ പാടില്ലാത്തതാണ്.

9. സിവിൽ പോലീസ് ഓഫീസർക്ക് സ്റ്റേഷൻ ചാർജ് ഓഫീസർ പദവി നൽകിയിട്ടില്ലാത്തതിനാൽ സി.ആർ . പി.സി 154 വകുപ്പ പ്രകാരം ഉള്ള കേസ് രജിസ്റ്റർ ചെയ്യുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതല്ല.

10. സിവിൽ പോലീസ് ഓഫീസർമാർ സി.ആർ . പി.സി 173 വകുപ്പ പ്രകാരം ഒരു കേസിൻറെ അന്തിമ റിപ്പോർട്ട് മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിക്കുവാ.ൻ പാട്ടുള്ളതല്ല.

11. ഒരു കേസിൻറെ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനു മുമ്പ് പ്രസ്തുത കേസിൻറെ അന്വേഷണം സ്റ്റേഷൻ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുത്തു ഒരു വെരിഫിക്കേഷൻ സി.ഡി തയ്യാറാക്കേണ്ടതാണ്.

സിവിൽ പോലീസ് ഓഫീസർമാരുടെ പ്രവ്യത്തികൾ പരിശോധിക്കുന്നതിൻറെ പൂർണ്ണ ഉത്തരവാദിത്തം അതാത് എസ്.എച്ച്.ഒ മാർക്ക് ആയിരിക്കും..

സംസ്ഥാന പോലീസ് മേധാവി

ലിസ്റ്റ് ബി യിൽ പെട്ട എല്ലാ ഓഫീസർമാർക്കും

പകർപ്പ് :- പി.എച്ച്.ക്യു വിലെ എല്ലാ ഓഫീസർമാരുടെയും സിഎ മാർക്കും/

എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും

:- സർക്കുലർ ബുക്ക്, സ്റ്റോക്ക് ഫയൽ

This is a digitally signed document and does not require signature in ink.

S4-78013/2013/PHQ

fac73c